പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *299.                22-6-2012-ൽ മറുപടിക്ക്

## അനധികൃത കെട്ടിട നിർമ്മാണ നിയന്ത്രണത്തിന് വിജിലൻസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ,<br>ശ്രീ . എ.റ്റി. ജോർജ്ജ്. | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) നഗരങ്ങളിൽ നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണം നിയന്ത്രിക്കുവാനും കെട്ടിട നിർമ്മാണ വേളയിലുണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുവാനും എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്; | നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും അവ സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം-157 പ്രകാരം രൂപീകരിച്ചിട്ടുള്ള വിജിലൻസ് സ്ക്വാഡ് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ നഗരങ്ങളിൽ നടക്കുന്നഅനധികൃത കെട്ടിട നിർമ്മാണം ഫലപ്രദമായി നിന്ത്രിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. അപകടങ്ങൾ ഇല്ലാതാക്കുവാനും നിയന്ത്രിക്കാനുമായി കെട്ടിട നിർമ്മാണ വേളയിൽ സ്വീകരിക്കേണ്ട സുരക്ഷാ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ തന്നെ പ്രതിപാദിച്ചിട്ടുള്ളതാണ്. ഏതൊരു കെട്ടിടം നിർമ്മിക്കുമ്പോഴും ജോലിക്കാരുടേയും പൊതുജനത്തിന്റെയും ജീവൻ സുരക്ഷിതമാക്കുന്നതിനും അടുത്തുള്ള വസ്തുവകകളുടെ സുരക്ഷയ്ക്കായും നിർമ്മാണത്തിന്റെ ഉടമസ്ഥൻ പാലിക്കേണ്ട വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി |

ബിൽഡിംഗ് റൂൾ 1999-ലെ ചട്ടം 20-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ചട്ടം 20(6), (7),7(എ), (7സി), (7ഡി), (7ഇ) എന്നിവയിൽ ഉടമസ്ഥൻ നിർമ്മാണ വേളയിൽ പാലിച്ചിരിക്കേണ്ടതും ഉറപ്പുവരുത്തേണ്ട സുരക്ഷാ ക്രമീകരണങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.
കൂടാതെ ഉയരം കൂടിയ കെട്ടിടങ്ങൾക്ക് (ഹൈ റൈസ്) നിർമ്മാണത്തിന്റെ ആരംഭംമുതൽ പൂർത്തിയാകുന്നതുവരെ സൈറ്റിൽ മുഴുവൻ സമയം ഒരു സൂപ്പർവൈസിംഗ് പ്രൊഫഷണലിനെ ഉടമസ്ഥൻ നിയമിക്കേണ്ടതും പ്രസ്തുത സൂപ്പർ വൈസറുടെ അസാന്നിധ്യത്തിൽ യാതൊരു പ്രവർത്തനങ്ങളും സൈറ്റിൽ നടത്തുവാൻ പാടില്ലാത്തതാണ് എന്നും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 120 എ-ൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

| | | |
|---|---|---|
| ബി) ഇതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ വിജിലൻസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;<br><br>സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; എന്ന് അറിയിക്കുമോ ? | ബി & സി | തദ്ദേശ സ്വയംഭരണ വകുപ്പിൽ 1980-മുതൽ നിലവിലുള്ള വിജിലൻസ് സെല്ലിൽ ഒരു സീനിയർ ടൗൺ പ്ലാനർ,ഒരു ഡെപ്യൂട്ടി സെക്രട്ടറി, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർ നിലവിലുണ്ട്. വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി വിജിലൻസ് സെൽ വിപുലീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് വകുപ്പിലെ 17 പേരടങ്ങിയ ഉദ്യോഗസ്ഥരുടെ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ